**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 445** **30-01-2024 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാന സർക്കാരിന് ലഭിക്കേണ്ട വരുമാന വിഹിതത്തിലെ കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. ആന്റണി ജോൺ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ടിയിരുന്ന വരുമാനത്തിന്റെ വിഹിതത്തിൽ കുറവ് വന്നിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതം. ഡിവിസിബിൾ പൂളിൽ നിന്നും പത്താം ധനകാര്യ കമ്മീഷന്റെ കാലത്ത് കേരളത്തിനു നികുതി വിഹിതമായി ലഭിച്ചുകൊണ്ടിരുന്നത് 3.875 ശതമാനമായിരുന്നു. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലമായപ്പോൾ അത് 1.925 ശതമാനമായി കുറഞ്ഞു. ഇതിലൂടെ പതിനായിരക്കണക്കിന് കോടി രൂപയുടെ കുറവാണ് കേരളത്തിന്റെ വരുമാനത്തിൽ വർഷം തോറും വരുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ വിവിധ കേന്ദ്ര പദ്ധതികൾക്കായി ഗ്രാന്റിനത്തിൽ സംസ്ഥാന സഞ്ചിത നിധിയിൽ ലഭ്യമാകുന്ന തുകയിൽ ഗണ്യമായ കുറവാണ് രേഖപ്പെടുത്തി കൊണ്ടിരിക്കുന്നത്. ഈയിനത്തിൽ 2022-23 സാമ്പത്തിക വർഷം പ്രതീക്ഷിച്ചിരുന്നത് 9217.79 കോടി രൂപയായിരുന്നുവെങ്കിലും യഥാർത്ഥത്തിൽ ലഭിച്ചത് 4587.79 കോടി രൂപ മാത്രമാണ്. ചരക്ക് സേവന നികുതി നഷ്ടപരിഹാരം 2022-ജൂൺ മാസത്തിൽ നിർത്തലാക്കിയതിലൂടെ പ്രതിവർഷം ശരാശരി 12000 കോടി രൂപയുടെ വരുമാനകുറവാണ് സംസ്ഥാനത്തിനുണ്ടാവുക. 2023-24 സാമ്പത്തിക വർഷം റവന്യൂ കമ്മി ഗ്രാന്റ് ഇനത്തിൽ 2022-23-നെ അപേക്ഷിച്ച് 8,400 കോടി രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ കേന്ദ്ര വിഹിതത്തിൽ വന്നിട്ടുള്ള കുറവ് വികസന, ക്ഷേമ പദ്ധതികളെ കാര്യമായി ബാധിക്കാത്ത തരത്തിൽ ചെലവുകൾ മുടങ്ങാതെ മുന്നോട്ട് കൊണ്ടുപോകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | കേന്ദ്ര വിഹിതത്തിൽ ഉണ്ടായ കുറവ് കാരണം സംഭവിച്ച സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും മുൻപോട്ട് പോകുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഇതിന്റെ ഭാഗമായി |

| | | | |
|---|---|---|---|
| | | | വരുമാനം ഉയർത്തുന്നതിനോടൊപ്പം ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ വിദേശയാത്ര, വിമാനയാത്ര, ടെലിഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിനുതകുന്ന വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സംസ്ഥാന സർക്കാർ പ്രവർത്തിക്കുന്നത്. വികസന ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ മുന്നോട്ട് കൊണ്ടുപോകുന്നതിന് പ്രത്യേക ശ്രദ്ധ നൽകിവരുന്നുണ്ട്. |
| (സി) | ഈ സർക്കാരിന്റെ കാലയളവിൽ തനതു വരുമാനത്തിൽ വർദ്ധനയുണ്ടാക്കുവാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | സംസ്ഥാനത്തിന്റെ നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തിയതുവഴി ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്തിന്റെ തനത് വരുമാനത്തിൽ, 2021-22 സാമ്പത്തിക വർഷത്തിൽ 25.12 ശതമാനത്തിന്റെ വർദ്ധനവും, 2022-23 സാമ്പത്തിക വർഷത്തിൽ 26.57 ശതമാനത്തിന്റെ വർദ്ധനവും ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ